# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3400 — 14.03.2017-ൽ മറുപടിയ്ക്ക്

### നോൺ ഗസറ്റഡ് ആയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയിരുന്ന നോൺ ഗസറ്റഡ് ആയിട്ടുള്ള ജീവനക്കാർക്ക് ലഭിക്കേണ്ട 2016 ജൂൺ മാസത്തെ 8 ദിവസത്തെ ശമ്പളം, ടെർമിനൽ സറണ്ടർ, പേ റിവിഷൻ അരിയർ തുടങ്ങിയ ആനുകൂല്യങ്ങൾ ഇതേവരെ ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഗസറ്റഡ് ആയിട്ടുള്ള പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ എല്ലാം ലഭിച്ചിട്ടും നോൺ ഗസറ്റഡ് ആയിട്ടുള്ള സ്റ്റാഫ് അംഗങ്ങൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ; | (എ) & ബി) :<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയിരുന്ന നോൺ ഗസറ്റഡ് ജീവനക്കാർക്ക് ലഭിക്കേണ്ട 2016 ജൂൺ മാസത്തെ 8 ദിവസത്തെ ശമ്പളം, ടെർമിനൽ സറണ്ടർ എന്നിവ ഇതിനോടകം നൽകിക്കഴിഞ്ഞു. 01.07.2014 മുതൽ 31.01.2016 വരെയുള്ള പേ റിവിഷൻ അരിയർ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങളായിട്ടുള്ളവർക്ക് ഒറ്റത്തവണയായി നൽകാനാണ് ഉത്തരവായിട്ടുള്ളത്. SPARK Software-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പേ റിവിഷൻ അരിയർ നൽകുന്നതിനുള്ള നടപടികൾ SPARK-ന്റെ സഹായത്തോടെ പൂർത്തിയായി വരുന്നു. |
| (സി) നോൺ ഗസറ്റഡ് ആയിട്ടുള്ള സ്റ്റാഫ് അംഗങ്ങൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭിച്ചു കഴിഞ്ഞാൽ മാത്രമേ ഇവരുടെ പെൻഷൻ അപേക്ഷകളിൽ തുടർ നടപടികൾ ആരംഭിക്കുകയുള്ളോ ; വിശദമാക്കുമോ ; | (സി) അതെ. നോൺ ഗസറ്റഡ് ആയിട്ടുള്ള സ്റ്റാഫ് അംഗങ്ങൾക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ നൽകിയതിനു ശേഷം പ്രസ്തുത വിവരങ്ങൾ ഇവരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയാൽ മാത്രമേ, പെൻഷൻ അപേക്ഷകളിൽ തുടർ നടപടികൾക്കായി അക്കൗണ്ടന്റ് ജനറലിന് കൈമാറുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) നോൺ ഗസറ്റഡ് ആയിട്ടുള്ള സ്റ്റാഫ് അംഗങ്ങൾക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നൽകുവാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ ? | (ഡി) നോൺ ഗസറ്റഡ് ആയിട്ടുള്ള സ്റ്റാഫ് അംഗങ്ങൾക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നൽകുവാൻ അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ